REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നാമനിർദേശപത്രികകളുടെ സൂക്ഷ്മ പരിശോധന പുരോഗമിക്കുന്നു.
- കോൺഗ്രസ് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രകടന പത്രിക ന്യൂഡൽഹിയിൽ പുറത്തിറക്കി.
- പലിശനിരക്കിൽ മാറ്റമില്ലാതെ നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ വായ്പാ നയം റിസർവ് ബാങ്ക് പ്രഖ്യാപിച്ചു.
- സംസ്ഥാനത്ത് ഉയർന്ന വേനൽച്ചൂട് തുടരുന്നു. തിങ്കളാഴ്ച വരെ കേരളത്തിൽ താപനില ഉയരുമെന്ന് മുന്നറിയിപ്പ്.
- IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

രണ്ടാം ഘട്ടത്തിൽ ലോക്സഭ തെരഞ്ഞെടുപ്പ് നടക്കുന്ന കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 89 സീറ്റുകളിലെ നാമനിർദേശപത്രികകളുടെ സൂക്ഷ്മ പരിശോധന പുരോഗമിക്കുന്നു. ജമ്മുകശ്മീരിൽ നാളെയാണ് സൂക്ഷ്മ പരിശോധന.

പത്രികാ സമർപ്പണം പൂർത്തിയായതോടെ സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് പ്രചാരണ രംഗത്തിന് വീണ്ടും ചൂടേറി. ദേശീയ - പ്രാദേശിക നേതാക്കൾ പ്രചാരണത്തിന് എത്തിയതോടെ മൂന്ന് മുന്നണികളും ശക്തിയേറിയ പോരാട്ടത്തിന് അരങ്ങ് ഒരുക്കുകയാണ്.

പത്രിക പിൻവലിക്കാൻ സമയപരിധി തിങ്കളാഴ്ച അവസാനിക്കുന്നതോടെ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമാകും. 89 മണ്ഡലങ്ങളിലും ഈ മാസം 26-നാണ് വോട്ടെടുപ്പ്.

കേരളത്തിൽ 290 സ്ഥാനാർത്ഥികൾ പത്രിക നൽകിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. പല സ്ഥാനാർത്ഥികളും ഒന്നിലേറെ പത്രിക നൽകിയതിനാൽ ആകെ 499 നാമനിർദേശ പത്രികകളാണ് ലഭിച്ചത്. ഏറ്റവും കൂടുതൽ നാമനിർദേശപത്രികകൾ ലഭിച്ചത് തിരുവനന്തപുരത്തും ഏറ്റവും കുറവ് ആലത്തൂരിലുമാണ്. തിരുവനന്തപുരം മണ്ഡലത്തിൽ 22 പേരും ആലത്തൂരിൽ 8 പേരുമാണ് പത്രിക നൽകിയത്.

✪✪✪

കോൺഗ്രസ് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രകടന പത്രിക ന്യൂഡൽഹിയിൽ പുറത്തിറക്കി. പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും സോണിയ ഗാന്ധിയും രാഹുൽ ഗാന്ധിയും ചേർന്നാണ് പത്രിക പുറത്തിറക്കിയത്.

'ന്യായ് പത്ര' എന്ന് പേരിട്ട പ്രകടനപത്രികയുടെ അടിസ്ഥാനം തൊഴിൽ, ക്ഷേമം, സമ്പത്ത് എന്നിവയിലൂന്നിയ നീതിയാണെന്ന് പ്രകാശന ചടങ്ങിൽ പങ്കെടുത്ത പാർട്ടി നേതാവ് P ചിദംബരം പറഞ്ഞു. അഞ്ച് തലങ്ങളിലെ നീതിയാണ് പ്രകടനപത്രികയുടെ ശ്രദ്ധാകേന്ദ്രം - യുവാക്കളുടെയും സ്ത്രീകളുടെയും കർഷകരുടെയും തൊഴിലാളികളുടെയും പ്രവർത്തന പങ്കാളികളുടെയും നീതി ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് പ്രകടന പത്രിക പറയുന്നു.

BJP -യുടെ പ്രകടന പത്രിക തയ്യാറാക്കുന്ന കമ്മറ്റി ഇന്നലെ ഡൽഹിയിൽ പാർട്ടി ആസ്ഥാനത്ത് യോഗം ചേർന്നു. മുതിർന്ന പാർട്ടി നേതാവ് രാജ്നാഥ് സിംഗ് നേതൃത്വം നൽകുന്ന 27 അംഗ കമ്മറ്റിയുടെ രണ്ടാമത്തെ യോഗമാണിത്. മുതിർന്ന നേതാക്കളായ നിർമലാ സീതാരാമൻ, അശ്വിനി വൈഷ്ണവ്, കിരൺ റിജിജു, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

✪✪✪

ലോക്സഭ തെരഞ്ഞെടുപ്പിന് സ്ഥാനാർഥിയായി നാമനിർദേശ പത്രിക നൽകാൻ സമയപരിധി കഴിഞ്ഞതോടെ കോഴിക്കോട് മണ്ഡലത്തിൽ പ്രചാരണ പ്രവർത്തനങ്ങൾ ശക്തമാക്കി മുന്നണികൾ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നസീർ ബാബു

**(വോയ്സ് ................)**

✪✪✪

**കോട്ടയം ലോക്സഭാ മണ്ഡലത്തിൽ LDF സ്ഥാനാർത്ഥി തോമസ് ചാഴികാടന്റെ പ്രചാരണ പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്തു. തലയോലപ്പറമ്പിലും പാലായിലും തിരഞ്ഞെടുപ്പു യോഗങ്ങളെ മുഖ്യമന്ത്രി അഭിസംബോധന ചെയ്യും.**

**UDF സ്ഥാനാർത്ഥി ഫ്രാൻസിന് ജോർജിന്റെ തിരഞ്ഞെടുപ്പ് പര്യടനം ഏറ്റുമാനൂർ കടുത്തുരുത്തി നിയമസഭാ മണ്ഡലങ്ങളിൽ പുരോഗമിക്കുകയാണ്.**

**അയർക്കുന്നം മേഖലയിലാണ് NDA സ്ഥാനാർത്ഥി തുഷാർ വെള്ളാപ്പള്ളിയുടെ പ്രചാരണ പരിപാടികൾ.**

✪✪✪

**തിരുവനന്തപുരത്തെ NDA സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ തിരുവനന്തപുരത്തെത്തും. നെയ്യാറ്റിൻകരയിലെ റോഡ് ഷോയിൽ രാവിലെ സ്ഥാനാർത്ഥിക്കൊപ്പം അമിത് ഷായും പങ്കെടുക്കും.**

✪✪✪

**ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇത്തവണ കണ്ണൂർ ജില്ലയിലെ വോട്ടർമാരുടെ എണ്ണത്തിൽ ഒന്നരലക്ഷത്തോളം വർധനയുണ്ടായി. ഒരു ലക്ഷത്തി 45,904 വോട്ടർമാരെ അധികമായി ചേർത്തതോടെ ജില്ലയിലെ ആകെ വോട്ടർമാരുടെ എണ്ണം 21 ലക്ഷത്തി 16,852 ആണ്.**

**11 ലക്ഷത്തി 14,234 സ്ത്രീ വോട്ടർമാരും, 10 ലക്ഷത്തി 2,610 പുരുഷ വോട്ടർമാരും അന്തിമ വോട്ടർപട്ടികയിൽ ഇടംപിടിച്ചു. എട്ട് ട്രാൻസ്ജെൻഡർ വോട്ടർമാരും ജില്ലയിലുണ്ട്.**

✪✪✪

**ലോക്സഭാ തെരഞ്ഞെടപ്പിന്റെ ഭാഗമായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച പൊതു നിരീക്ഷകരും ക്രമസമാധാന നിരീക്ഷരും വിവിധ ജില്ലകളിലെത്തി ചുമതലയേറ്റു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് നിരീക്ഷകർ ഇന്നലെ ചുമതലയേറ്റത്.**

കോഴിക്കോട് ജില്ലയിൽ ഇന്നലെ നാല് നിരീക്ഷകർ കൂടിയെത്തി. വരും ദിവസങ്ങളിൽ പോളിംഗ് സ്റ്റേഷനുകളും പോലീസ് സ്റ്റേഷനുകളും നേരിൽ കാണുമെന്ന് അവലോകന യോഗത്തിന് ശേഷം നിരീക്ഷകർ കോഴിക്കോട് അറിയിച്ചു.

✪✪✪

മലപ്പുറം ജില്ലയിൽ ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എക്സൈസ് പരിശോധനയിൽ മൂന്നേ മുക്കാൽ ലക്ഷത്തിൽപരം രൂപയുടെ വിദേശമദ്യവും ലഹരി വസ്തുക്കളും പിടികൂടി.

കൊണ്ടോട്ടി, വണ്ടൂർ, മങ്കട, പെരിന്തൽമണ്ണ അടക്കം നിയമസഭാ മണ്ഡലങ്ങളിലായിരുന്നു പരിശോധന.

✪✪✪

ദൂരദർശനിൽ കേരളാ സ്റ്റോറി പ്രദർശിപ്പിക്കുന്നതിനെതിരെ DYFI തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിലേക്ക് മാർച്ച് നടത്തി. ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനും, പ്രതിപക്ഷ നേതാവ് V.D സതീശനും, CPI നേതാവ് ബിനോയ് വിശ്വവും കേരള സ്റ്റോറി പ്രദർശിപ്പിക്കരുതെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ദേശീയപാർട്ടികൾക്ക് ആകാശവാണിയിലും ദൂരദർശനിലും 45 മിനിട്ട് വീതം തിരഞ്ഞെടുപ്പ് പ്രചാരണ സമയം അനുവദിക്കും. ഇതിന് പുറമെ ആറ് ദേശീയ പാർട്ടികൾക്ക് അഞ്ചര മണിക്കൂർ പ്രചാരണ സമയവും നൽകും.

സമയക്രമത്തിന്റെ നറുക്കെടുപ്പ് ഇന്നലെ ഡൽഹിയിൽ പൂർത്തിയായി. ഈ മാസം 16, 23, മെയ് മൂന്ന്, 10, 17, 22, 29, തിയ്യതികളിലായിരിക്കും സമയം നൽകുന്നത്.

✪✪✪

പലിശനിരക്കിൽ മാറ്റമില്ലാതെ നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ വായ്പാ നയം റിസർവ് ബാങ്ക് പ്രഖ്യാപിച്ചു. തുടർച്ചയായി ഏഴാം തവണയും റിപ്പോ നിരക്ക് മാറ്റമില്ലാതെ നിലനിർത്തിയായിരുന്നു വായ്പാനയ പ്രഖ്യാപനം. റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരും.

നടപ്പുസാമ്പത്തിക വർഷം GDP നിരക്ക് 7 ശതമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് RBI ഗവർണർ ശക്തികാന്തദാസ് പറഞ്ഞു. കഴിഞ്ഞ മാർച്ച് 29 വരെ ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം

എക്കാലത്തെയും ഉയർന്ന നിരക്കായ 645.6 ബില്യൺ ഡോളറിലെത്തിയതായും അദ്ദേഹം പറഞ്ഞു.

✪✪✪

ദേശീയ വിദ്യാഭ്യാസ നയം 2020-ന് അനുസൃതമായി മൂല്യനിർണ്ണയത്തിൽ CBSE മാറ്റംവരുത്തി. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, 11, 12 ക്ലാസുകളിലെ ചോദ്യങ്ങളിൽ 40 മുതൽ 50 വരെ ശതമാനം, ഉത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതേണ്ടതും, വിശകലനം ആവശ്യമായതുമാണ്.

കുറിപ്പ് എഴുതേണ്ട ചോദ്യങ്ങളും, ESSAY ചോദ്യങ്ങളും ഉൾപ്പെടെ പ്രതികരണ ചോദ്യങ്ങൾ അടുത്ത അധ്യയന വർഷം 40 നിന്ന് 30 ശതമാനമായി കുറച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് ഉയർന്ന വേനൽച്ചൂട് തുടരുന്നു. വിവിധ ജില്ലകളിൽ തിങ്കളാഴ്ച വരെ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉയർന്ന താപനില മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

കൊല്ലം, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, കോട്ടയം, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരുമെന്നാണ് മുന്നറിയിപ്പ്.

ഉയർന്ന താപനില കണക്കിലെടുത്ത് കാലാവസ്ഥാ വകുപ്പ് യെല്ലോ അലേർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി ഒന്നേകാൽ മീറ്ററോളം വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

രാത്രികാലത്ത് വൈദ്യുതി മുടങ്ങുന്നത് ഒഴിവാക്കാൻ ഉപഭോക്താക്കളുടെ ഭാഗത്ത് നിന്ന് സഹകരണം ആവശ്യമാണെന്ന് KSEB അറിയിച്ചു. AC-യുടെ ഉപയോഗം കൂടിയതും രാത്രി സമയത്ത് വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതും കൂടുതൽ വൈദ്യുതി

ആവശ്യമായ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതും മൂലം വൈകിട്ട് ആറ് മുതൽ രാത്രി കാലങ്ങളിൽ വൈദ്യുതി തടസ്സം വർദ്ധിച്ചു വരികയാണെന്ന് KSEB വിശദീകരിച്ചു.

✪✪✪

നാട്ടിലെ പ്രിയപ്പെട്ടവർക്ക് വിഷുക്കൈനീട്ടം എത്തിച്ചു നൽകുന്നതിന് തപാൽ വകുപ്പ് അവസരമൊരുക്കുന്നു. രാജ്യത്തെവിടെ നിന്നും കേരളത്തിലെ ഏത് തപാൽ ഓഫീസിലേക്കും ഇപ്പോൾ വിഷുക്കൈനീട്ടം അയക്കാം.

ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്

................(വോയ്സ്)...............

✪✪✪

അന്തരിച്ച എഴുത്തുകാരനും നാടകകൃത്തുമായിരുന്ന ഹുസൈൻ കാരാടിയുടെ ഭൗതികദേഹം താമരശ്ശേരി കെടവൂർ ജുമാ മസ്ജിദിൽ ഖബറടക്കി. രാവിലെ താമരശ്ശേരി ഗവണ്മെന്റ് UP സ്കൂളിലെ പൊതുദർശനത്തിന് ശേഷമായിരുന്നു ഖബറടക്കം.

✪✪✪

ചാലക്കുടിയിൽ റെയിൽ പാതയിൽ അറ്റക്കുറ്റപണികൾ നടക്കുന്നതിനാൽ ഏതാനും സർവീസുകൾ ഭാഗികമായി റദ്ദാക്കിയതായി റെയിൽവേ അറിയിച്ചു.

ഇന്ന് രാത്രി 11.15-ന് ഗുരുവായൂരിൽ നിന്ന് പുറപ്പെടേണ്ട ചെന്നൈ എഗ്മോർ എക്സ്പ്രസ് നാളെ പുലർച്ചെ 1.20-ന് എറണാകുളത്ത് നിന്നായിരിക്കും യാത്ര പുറപ്പെടുക.

എറണാകുളം-കോട്ടയം,ഷൊർണ്ണൂർ-എറണാകുളം മെമു ട്രെയിനുകളും തിരിച്ചുള്ള സർവീസും റദ്ദാക്കിയിട്ടുണ്ട്. എട്ട് ട്രെയിനുകളുടെ യാത്രാ സമയത്തിലും മാറ്റം വരുത്തിയിട്ടുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. ഹൈദരാബാദിൽ വൈകീട്ട് 7.30 നാണ് മത്സരം.

ഇന്നലെ പഞ്ചാബ് കിങ്സ് ഗുജറാത്ത് ടൈറ്റൻസിനെ മൂന്ന് വിക്കറ്റിന് പരാജയപ്പെടുത്തി.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഗോവ FC, ഹൈദരാബാദ് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഗോവയിലാണ് മത്സരം.

ഇന്നലെ ചെന്നൈയിൻ FC ജംഷഡ്പൂർ FC-യെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചു.

✪✪✪

സ്വർണ വില ഇന്ന് പവന് 360 രൂപ കുറഞ്ഞ് 51,320 രൂപയായി. 6,415 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪

തലശേരി പാനൂർ മുളിയാതോടിൽ ബോംബ് സ്ഫോടനത്തിൽ രണ്ട് പേർക്ക് പരിക്കേറ്റു. CPIM പ്രവർത്തകരായ ഷെറിൻ, വിനീഷ് എന്നിവർക്കാണ് സാരമായി പരിക്കേറ്റതെന്ന് പൊലീസ് പറഞ്ഞു. ഇരുവരെയും ആശുപത്രിയിലേക്ക് മാറ്റി.

✪✪✪